പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംബർ 1134 — 29.09.2011 -ലെ മറുപടിക്ക്

**തുറവൂർ പമ്പാ പാതയിലെ പാലങ്ങളുടെ അപ്രോച്ച് റോഡ്**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.എം. ആരിഫ് | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) തുറവൂർ-പമ്പാ പാതയിൽ തുറവൂർ തൈക്കാട്ടുശ്ശേരി നേരേക്കടവ്-വടക്കേക്കടവ് പാലങ്ങളുടെ നിർമ്മാണത്തിന് എത്ര രൂപയാണ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് ; ഈ പാലങ്ങളുടെ ഡിസൈനും എസ്റ്റിമേറ്റും ആരാണ് തയ്യാറാക്കിയത് ; തയ്യാറാക്കുന്നതിന് നിർദ്ദേശം എന്നാണ് നൽകിയത് ; ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കി എന്നാണ് സർക്കാരിന് നൽകിയത് ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) തൈക്കാട്ടുശ്ശേരി പാലത്തിന് ബഡ്ജറ്റിൽ 100 രൂപ വകകൊള്ളിച്ചിട്ടുണ്ട്. (page No.142, Sl.No. 12 of Vol.III) നേരേക്കടവ്-മേക്കേകടവ് (വടക്കേകടവ്) പാലത്തിന് 100 രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. ഈ പാലങ്ങളുടെ ഡിസൈൻ തയ്യാറാക്കിയത് പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ ബോർഡ് വിഭാഗമാണ്. മണ്ണ് പരിശോധനയ്ക്കായി 27.07.2009 ൽ ഉത്തരവ് നല്കി ജനറൽ ഡിസൈൻ 18.07.2011 ൽ തയ്യാറായിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് ഉടൻ തയ്യാറാക്കുന്നതാണ്. |
| (ബി) തുറവൂർ-തൈക്കാട്ടുശ്ശേരി പാലത്തിന്റെ അപ്രോച്ച് റോഡിനാവശ്യമായ സ്ഥലമേറ്റെടുക്കുന്നതു സംബന്ധിച്ച പി.ഡബ്ല്യു.ഡി ഫയൽ നമ്പർ 19067/2011 തീയതി 02.09.2011 മേൽ സർക്കാർ ഉത്തരവായോ ; ഇല്ലെങ്കിൽ എന്നത്തേക്ക് ഉത്തരവാകും ; ഈ പാലങ്ങളുടെ നിർമ്മാണത്തിനാവശ്യമായ തുക പ്രത്യേക ധന സഹായമായി നബാർഡ് നൽകാമെന്ന് അറിയിച്ച സാഹചര്യത്തിൽ "ഫാസ്റ്റ് ട്രാക്കിൽ" പെടുത്തി സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (ബി) ഉത്തരവായിട്ടില്ല. 19067/ഡി1/2011/പി.ഡബ്ല്യു.ഡി. നമ്പർ ഫയൽ സർക്കാരിന്റെ പരിഗണനയിലാണ്. നബാർഡിന്റെ ധനസഹായത്തിൽ ഉൾപ്പെടുത്തുവാനും ഫാസ്റ്റ് ട്രാക്കിൽ പെടുത്തി സ്ഥലമേറ്റെടുക്കുവാനും ഉള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ